# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/02/2017 പത്രക്കുറിപ്പ് 2017 ജനുവരി 04

**പരീക്ഷാതീയതി**

അഞ്ചാം സെമസ്റ്റർ ബി.എ കോർപ്പറേറ്റ് എക്കണോമിക്സ് (സി.ബി.സി.എസ്.എസ് അണ്ടർഗ്രാജ്വേറ്റ് റഗുലർ) പരീക്ഷകൾ ജനുവരി 17 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്ബ്സൈറ്റിൽ ലഭ്യമാണ്

മൂന്നാം സെമസ്റ്റർ എം.എസ്‌സി. ഫുഡ് ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (സി.എസ്.എസ് - 2015 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ജനുവരി 13ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്ബ്സൈറ്റിൽ ലഭ്യമാണ്

**അപേക്ഷാതീയതി**

ഒന്നാം സെമസ്റ്റർ എം.ബി.എ (2016 അഡ്മിഷൻ റഗുലർ/2015 അഡ്മിഷൻ സപ്ലിമെന്ററി/2013 & 2014 അഡ്മിഷൻ സപ്ലിമെന്ററി/ 2012 അഡ്മിഷൻ മേഴ്‌സി ചാൻസ്) ഡിഗ്രി പരീക്ഷകൾക്ക് പിഴയില്ലാതെ ജനുവരി 11 വരെയും 50 രൂപ പിഴയോടെ 12 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 16 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർത്ഥികൾ 150 രൂപയും വീണ്ടുമെഴുതുന്നവർ ഒരു പേപ്പറിനു 30 രൂപ (പരമാവധി 150രൂപ) സി.വി.ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാഫീസിനു പുറമേ അടക്കണം. പരീക്ഷാതീയതി പിന്നീട്.

**പ്രാക്ടിക്കൽ പരീക്ഷ**

തൃപ്പൂണിത്തുറ ആർ.എൽ.വി കോളേജിലെ ബി.എ കഥകളി സംഗിതം (സി.ബി.സി.എസ്.എസ് റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഒന്നാം സെമസ്റ്റർ പ്രാക്ടിക്കൽ പരീക്ഷ (കോംപ്ലിമെന്ററി) ജനുവരി 9 ന് കോളേജിൽ വച്ച് നടത്തും.

**പരീക്ഷാഫലം**

2016 സെപ്റ്റംബറിൽ നടത്തിയ അവസാന വർഷ ബി.എസ്‌സി.നേഴ്‌സിങ് (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.പുതുപ്പള്ളി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നേഴ്‌സിങ് എജ്യൂക്കേഷനിലെ ബ്ലെസ്സി അനിൽ ജേക്കബ് (2965/3800) ഒന്നാം റാങ്കും, പത്തനംതിട്ട ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നേഴ്‌സിങ് എജ്യൂക്കേഷനിലെ നീതു.ജി.നായർ (2701/3800) രണ്ടാം റാങ്കും, പാലാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നേഴ്‌സിങ് എജ്യൂക്കേഷനിലെ നീതു നാരായണൻ വി.വി. (2629/3800) മൂന്നാം റാങ്കും നേടി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജനുവരി 11 വരെ സ്വീകരിക്കും.

2015 ജൂലായിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എ ക്രിമിനോളജി എൽ.എൽ.ബി (ഓണേഴ്‌സ് റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജനുവരി 11 വരെ സ്വീകരിക്കും.

2015 ജൂലായിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.കോം എൽ.എൽ.ബി (ഓണേഴ്സ്) റഗുലർ ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജനുവരി 9 വരെ സ്വീകരിക്കും.

2015 ജൂലായിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.ബി.എ എൽ.എൽ.ബി (ഓണേഴ്സ്) റഗുലർ ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ജനുവരി 9 വരെ സ്വീകരിക്കും.

**ഗവേഷണാനന്തര ഗവേഷണ ഫെലോഷിപ്പിന് അപേക്ഷ ക്ഷണിച്ചു.**

മഹാത്മാഗാന്ധി സർവ്വകലാശാല മുഴുവൻ സമയ ഗവേഷണത്തിനായി ഏർപ്പെടുത്തിയിട്ടുള്ള ഗവേഷണാനന്തര ഗവേഷണ ഫെലോഷിപ്പിനായി യോഗ്യരായ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകർ അപേക്ഷാതീയതിക്കു തൊട്ടുമുൻപു മൂന്നുവർഷത്തിനുള്ളിൽ അംഗീകൃത സർവ്വകലാശാലകളിൽ നിന്ന് പി.എച്ച്.ഡി ബിരുദം ലഭിച്ചിട്ടുള്ളവരായിരിക്കണം. പ്രായപരിധി 40 വയസ്സ്. സർവ്വകലാശാല അദ്ധ്യാപന ഡിപാർട്ട്മെന്റിൽ അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ജനുവരി 31. അപേക്ഷാ ഫോറം സർവ്വകലാശാലാ സ്റ്റോറിൽ ലഭ്യമാണ്. മാതൃക വെബ്സൈറ്റിൽ.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)